# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3174 — 13.03.2017 ലെ മറുപടിക്ക്

## വയൽ നികത്തി വീട് നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ.എ.നെല്ലിക്കുന്ന് | ശ്രീ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) വയൽ നികത്തി വീട് നിർമ്മിക്കുന്നതിനു വേണ്ടി ഗ്രാമപഞ്ചായത്തിന്റെ അനുമതിക്കായി എത്ര അപേക്ഷകളുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (എ) വയൽ നികത്തി വീട് നിർമ്മിക്കുന്നതിനു വേണ്ടി താഴെപ്പറയും പ്രകാരം അപേക്ഷകൾ ജില്ലാതലത്തിൽ ലഭ്യമായിട്ടുണ്ട്. തിരുവനന്തപുരം - 167, കൊല്ലം - 828, പത്തനംതിട്ട — 28, ആലപ്പുഴ — 502, കോട്ടയം - 407, ഇടുക്കി - 5, എറണാകുളം - 1202, തൃശ്ശൂർ - 1637, പാലക്കാട് - 595, മലപ്പുറം - 629, കോഴിക്കോട് - 841, വയനാട് - 87, കണ്ണൂർ - 452, കാസർഗോഡ് - 538 |
| (ബി) വയൽ നികത്തിയുള്ള വീട് നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിൽ സർക്കാർ, തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന ഏതെങ്കിലും ഉത്തരവ് പുറത്തിറക്കിയിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ; | (ബി) നിലവിലുള്ള ഒരു നെൽവയലും നികത്തി വാസഗൃഹമോ, മറ്റേതെങ്കിലും നിർമ്മാണമോ നടത്തുന്നതിന് അനുമതി നൽകി തദ്ദേശസ്വയംഭരണ വകുപ്പ് ഉത്തരവ്/ സർക്കുലർ പുറപ്പെടുവിച്ചിട്ടില്ല. തദ്ദേശസ്വയം ഭരണ വകുപ്പിന്റെ 22.12.2016 ലെ 994733/ആർ.എ 1/2016/തസ്വഭവ നമ്പർ സർക്കുലറിൽ റവന്യൂ രേഖയിൽ/ബി.റ്റി.ആർ.-ൽ നിലം, പാടം, നെൽവയൽ, വെറ്റ് ലാന്റ് എന്നിങ്ങനെയായി ഭൂമിയുടെ തരം രേഖപ്പെടുത്തുകയും, അതേ സമയം 2008 ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പ്രാബല്യത്തിൽ വരുകയും ചെയ്യുന്നതിന് മുമ്പ് നികത്തിയതോ, നികത്തപ്പെട്ടതോ ആയ ഭൂമി, ഡാറ്റാ ബാങ്കിലോ, കരട് ഡാറ്റാ ബാങ്കിലോ ഉൾപ്പെട്ടിട്ടില്ലെങ്കിൽ അവിടെ നിർമ്മാണാനുമതി നൽകുന്നതിനെക്കുറിച്ചാണ് മാർഗ്ഗനിർദ്ദേശം നൽകിയിരിക്കുന്നത്. കേരള നെൽവയൽ തണ്ണീർത്തട നിയമം ബാധകമാകുന്നതിന് മുൻപ് നികത്തപ്പെട്ട സ്ഥലത്ത് മറ്റൊരിടത്തും സ്വന്തമായി വീടില്ലാത്തവർക്ക് 300 സ്ക്വയർ മീറ്ററിൽ കുറവ് |

(തുടർച്ച.....2)

വിസ്തീർണ്ണമുള്ള വീട് (പ്രസ്തുത നിലം നികത്ത് ഭൂമിയിൽ) വയ്ക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും സർക്കുലർ പുറപ്പെടുവിച്ചിരുന്നു. ഇത്തരം സ്ഥലം 10 വർഷത്തേക്ക് ഉടമസ്ഥനോ അനന്തരാവകാശിയോ ഉപയോഗമാറ്റം വരുത്തരുത് എന്ന് 05.02.2013 ൽ 1663/ആർ.എ 1/2013/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

(സി) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഏതൊക്കെ മുനിസിപ്പാലിറ്റികളും പഞ്ചായത്തുകളും വീട് നിർമ്മാണാനുമതി നൽകിയിട്ടുണ്ട്;

(സി) നിലവിൽ വയൽ നികത്തി വീട്ടു നിർമ്മിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് ഉത്തരവ്/സർക്കുലർ പുറപ്പെടുവിച്ചിട്ടില്ല.

(ഡി) പല പഞ്ചായത്തുകളും പ്രസ്തുത ഉത്തരവ് നടപ്പാക്കുന്നതിൽ വിമുഖത കാണിക്കുന്നുവെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ, പ്രസ്തുത ഉത്തരവ് നടപ്പാക്കാൻ കർശന നിർദ്ദേശം നൽകുമോ?

(ഡി) യും (ഇ) യും തദ്ദേശസ്വയംഭരണ വകുപ്പിന്റെ 22.12.2016 ലെ 994733/ആർ.എ 1/2016/തസ്വഭവ നമ്പർ സർക്കുലർ നടപ്പിലാക്കുന്നതിനു റവന്യൂ വകുപ്പ് 01.03.2017 ലെ 13105/പി1/17/റവന്യൂ നമ്പർ സർക്കുലർ പ്രകാരം സ്പഷ്ടീകരണം നൽകുകയും തദ്ദേശസ്വയംഭരണ വകുപ്പിന്റെ സർക്കുലറിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് വില്ലേജ് ഓഫീസർമാർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ